**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1270** **07-10-2021 - ൽ മറുപടിയ്ക്ക്**

**കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. എ. രാജ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാർഷിക സംസ്കൃതിയും ഗ്രാമീണ ജീവതരീതിയും അനുഭവവേദ്യമാക്കി കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള പരിപാടിയുടെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ള കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക് പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; | (എ) | ഫാം ടൂറിസം പ്രവർത്തനങ്ങളെ കൂടുതൽ ജനകീയമാക്കുന്നതിനും, പ്രസ്തുത പ്രവർത്തനങ്ങളിലേക്ക് കൂടുതൽ ആളുകളെ പങ്കാളികളാക്കുന്നതിനുമായി ഉത്തരവാദിത്ത ടൂറിസം മിഷന്റെ കീഴിൽ "കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക്" എന്ന പദ്ധതി ലോഞ്ച് ചെയ്തിട്ടുണ്ട്. നിലവിൽ കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരും ടൂറിസം മേഖലയുമായി സഹകരിച്ച് പ്രവർത്തിക്കുന്നവരും താൽപ്പര്യം ഉള്ളവരുമായ ആർക്കും ഈ പദ്ധതിയുടെ ഭാഗമാകാവുന്നതാണ്. ടെറസിൽ കൃഷി ചെയ്യുന്നവർ മുതൽ 25 സെന്റ് വരെ ഉള്ള സ്ഥലത്ത് കൃഷി ചെയ്യുന്നവർക്ക് അവരുടെ ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനുള്ള യൂണിറ്റ് ആയി പദ്ധതിയുടെ ഭാഗമാകാവുന്നതാണ്. 25 സെന്റ് മുതൽ ഒരു ഏക്കർ വരെയുള്ള സ്ഥലത്ത് കൃഷി ചെയ്യുന്നർക്ക് ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനോടൊപ്പം ഫാം വിസിറ്റ് ചെയ്യുന്നതിനുള്ള സൗകര്യം നൽകിക്കൊണ്ട് ഫാം വിസിറ്റ് യൂണിറ്റ് ആയി രജിസ്റ്റർ ചെയ്യാവുന്നതാണ്. ഒരു ഏക്കർ മുതൽ പത്ത് ഏക്കർ വരെയുള്ളവർക്ക് വിവിധ ആക്ടിവിറ്റികൾ നൽകിക്കൊണ്ട് ഫാം ആക്ടിവിറ്റി സെന്റർ ആയി രജിസ്റ്റർ ചെയ്യാവുന്നതാണ്. 10 ഏക്കർ മുതൽ മുകളിലേക്കുള്ളവർക്ക് നിലവിൽ ഗ്രീൻ ഫാം കേരള എന്ന വിഭാഗത്തിൽ രജിസ്ട്രേഷൻ നിലവിലുണ്ട്. |
| (ബി) | ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഭാഗമായി പരിസ്ഥിതി സൗഹൃദ മാലിന്യമുക്ത ടൂറിസം കേന്ദ്രങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ഉത്തരവാദിത്ത ടൂറിസം മിഷന്റെ വിവിധ പദ്ധതികളില്ലൂടെ ടൂറിസം കേന്ദ്രങ്ങൾ മാലിന്യ മുക്തമാക്കുവാനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ ക്ലീൻ വേമ്പനാട് പദ്ധതിയുടെ ഭാഗമായി മിഷന്റെ നേതൃത്വത്തിൽ വിവിധ സ്റ്റേക്ക് ഹോൾഡർമാരുടെ |

| | | | |
|---|---|---|---|
| | | | പങ്കാളിത്തത്തോടെ വേമ്പനാട് കായൽ ക്ലീനിംഗ് നടത്തി. തുടർന്നു പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ ഒഴിവാക്കി തുണി സഞ്ചികളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി കുമരകം, ആലപ്പുഴ കേന്ദ്രങ്ങളിലെ വിവിധ സ്റ്റേക്ക് ഹോൾഡർമാർക്ക് 5000 തുണി സഞ്ചികളും, വെയിസ്റ്റ് ഫ്രീ അഷ്ടമുടി എന്ന പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിലെ ഹൗസ് ബോട്ടുകളിൽ 2000 തുണി സഞ്ചികളും, ക്ലീൻ കേരള എന്ന പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ,കോട്ടയം എറണാകുളം, ഇടുക്കി വയനാട്, കാസർഗോഡ് ജില്ലകളിലെ വിവിധ ടൂറിസം കേന്ദ്രങ്ങളിൽ 50000 തുണി സഞ്ചികളും വിതരണം ചെയ്തു. ടൂറിസം സംരംഭങ്ങൾ പ്ലാസ്റ്റിക് ഫ്രീ ആക്കുന്നതിനു ഉത്തരവാദിത്ത ടൂറിസം മിഷനുമായി ചേർന്ന് 200 അക്കോമഡേഷൻ യൂണിറ്റുകൾ (ഹോട്ടലുകൾ, റിസോർട്ടുകൾ, ഹൗസ് ബോട്ടുകൾ) 18 തരം സിംഗിൾ യൂസ് പ്ലാസ്റ്റിക്ക് ഉപയോഗം നിർത്തിക്കൊണ്ട് പ്ലാസ്റ്റിക് ഫ്രീ ആയി സ്വയം ഡിക്ലയർ ചെയ്തു. |
| (സി) | ജനപങ്കാളിത്തത്തോടെയുള്ള ഗ്രാമീണ ഫാം ടൂറിസം പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വപരമായ പങ്കാളിത്തം ഉറപ്പാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | ഉത്തരവാദിത്ത ടൂറിസം മിഷന്റെ എല്ലാ പ്രവർത്തനങ്ങളും അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചു കൊണ്ടുള്ളതാണ്. ഗ്രാമീണ ഫാം ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായ ആദ്യ ഘട്ട പരിശീലനങ്ങൾ നടന്നു വരുന്നു. എല്ലാ ജില്ലകളിൽ നിന്നുമുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാവും തുടർ പ്രവർത്തനങ്ങൾ നടത്തുക. |

സെക്ഷൻ ഓഫീസർ